**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807** **06-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികൾക്കാണ് ഫണ്ട് അനുവദിച്ചതെന്നും പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിൽ ആണെന്നും വിശദമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിലെ ചെമ്പക്കാട്, ബനതടി, ബീരിക്കുഞ്ചെ, വടക്കുമ്പല - പനങ്ങാട്, നിരത്തുംതട്ട്, പള്ളം പട്ടുക്ക, എലിക്കോട്ട്കയ എന്നീ കോളനികളെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ചെമ്പക്കാട്, ബനതടി, ബീരിക്കുഞ്ചെ കോളനികളുടെ ഡി.പി.ആർ ലഭിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും ഡി.പി.ആർ തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ; | (ബി) | ടി കോളനികൾ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളെയാണ് ഡി.പി.ആർ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ആയത് ചെയ്തിട്ടില്ലായെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ? | (സി) | ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏജൻസിയുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടാകുന്ന പക്ഷം ആവശ്യമെങ്കിൽ ഏജൻസിയെ മാറ്റി പുതിയ ഏജൻസികളെ ചുമതലപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ